# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 3774 – 21/06/2019 - ലെ മറുപടിക്ക്

### ബഡ്ജറ്റിതര ധനസമാഹരണ മാർഗ്ഗങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ.സി. ദിവാകരൻ
,, ചിറ്റയം ഗോപകുമാർ
ശ്രീമതി ഇ.എസ്.ബിജിമോൾ
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| | ചോദ്യം | ഉത്തരം |
|---|---|---|
| (എ) | സംസ്ഥാനത്തിന്റെ വിവിധ സാമ്പത്തിക ആവശ്യങ്ങൾ നിവേറ്റുന്നതിനായി എന്തെല്ലാം ബഡ്ജറ്റിതര ധനസമാഹരണ മാർഗ്ഗങ്ങളാണ് സർക്കാർ പരിഗണിക്കുന്നതെന്ന് വ്യക്തമാക്കുമോ; | അടിസ്ഥാന സൗകര്യ വികസന മേഖലയിൽ നിലനിൽക്കുന്ന വിടവ് നികത്തുന്നതിന് ആവശ്യമായ ധനം കണ്ടെത്തുന്നത് നിലവിലെ സാഹചര്യത്തിൽ ഒരു സംസ്ഥാനം എന്ന നിലയിൽ കേരളത്തിന് ധാരാളം പരിമിതികൾ ഉണ്ട്. കേന്ദ്രസർക്കാരിന്റെ എഫ്.ആർ.ബി.എം ആക്ട് അനുസരിച്ചുള്ള നിയന്ത്രണങ്ങൾ ഇതിനു വിലങ്ങുതടി ആകുന്നു. ഈ പശ്ചാത്തലത്തിൽ കിഫ്ബി വഴി റിസർവ്വ് ബാങ്ക്, സെബി തുടങ്ങിയ റഗുലേറ്ററി സംവിധാനങ്ങൾ അംഗീകരിച്ചിട്ടുള്ള എല്ലാ ധനസമാഹരണ ഉപാധികളെയും ആശ്രയിച്ചു കൊണ്ട് അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്ക് ആവശ്യമായ തുക കണ്ടെത്തുവാനാണ് സർക്കാർ ശ്രമിക്കുന്നത്.<br>കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കിയ KIIF ആക്റ്റിൽ മോട്ടോർ വാഹന നികുതിയിൽ നിന്നും പെട്രോളിനുള്ള സെസ്സിൽ നിന്നും ലഭിക്കുന്ന വരുമാനത്തിന്റെ ഒരു ഭാഗം ഓരോ വർഷവും നിർബന്ധമായി കിഫ്ബിക്ക് കൈമാറണമെന്ന് സർക്കാരിനോട് അനുശാസിക്കുന്നു. കിഫ്ബിയുടെ തിരിച്ചടവ് ബാധ്യതകൾ നിറവേറ്റുവാൻ ഈ വരുമാനം മതിയാകുന്നതാണ്. |
| (ബി) | ബഡ്ജറ്റിതര മാർഗ്ഗങ്ങളിലൂടെ ധനസമാഹരണം നടത്തുമ്പോൾ അവയുടെ തിരിച്ചടവ് ഏതൊക്കെ രീതിയിലൂടെയാകുമെന്ന് വ്യക്തമാക്കുമോ; | |
| (സി) | നീതി ആയോഗിന്റെ ആവിർഭാവത്തോടെ കേന്ദ്രാവിഷ്കൃത പദ്ധതികളിൽ നിന്നും സംസ്ഥാനത്തിന് ധനസഹായം നല്കുന്ന രീതിയിൽ എന്തെങ്കിലും മാറ്റങ്ങൾ വന്നിട്ടുണ്ടോ; | കേന്ദ്രസർക്കാർ നീതി ആയോഗ് നടപ്പിലാക്കിയതിനു ശേഷം കേന്ദ്രാവിഷ്കൃത പദ്ധതികളെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് മദ്ധ്യപ്രദേശ് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു സബ്കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റി കേന്ദ്രാവിഷ്കൃത |

| | | |
|---|---|---|
| | ഉണ്ടെങ്കിൽ വിശദമാക്കുമോ; | പദ്ധതികളെയും മറ്റ് ബന്ധപ്പെട്ട പദ്ധതികളെയും കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുകയുമുണ്ടായി. ഇതിന്റെ വെളിച്ചത്തിൽ ആകെ കേന്ദ്രാവിഷ്കൃത പദ്ധതികൾ 28 എണ്ണമായി കുറയ്ക്കുകയാണുണ്ടായത്. ഇതിൽ 6 എണ്ണം കോർ ഓഫ് ദ കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 20 എണ്ണം കോർ എന്ന ഗണത്തിൽപ്പെടുത്തുകയും 2 എണ്ണം ഓപ്ഷണൽ എന്ന ഗണത്തിൽപ്പെടുത്തുകയുമാണുണ്ടായത്.<br>**കോർ ഓഫ് ദ കോർ ഗണം:** ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് മുൻപുണ്ടായിരുന്ന ഫണ്ടിംഗ് രീതി തന്നെയാണ് തുടർന്നും നടപ്പിലാക്കുന്നത്. ഇതിൽ മൊത്തം വിഹിതത്തിന്റെ 90% കേന്ദ്രവും 10% സംസ്ഥാനവും വഹിക്കേണ്ടതാണ്.<br>**കോർ ഗണം:** ഈ ഗണത്തിൽ ഉൾപ്പെട്ടിട്ടുള്ള പദ്ധതികൾക്ക് 60% കേന്ദ്രവിഹിതവും 40% സംസ്ഥാന വിഹിതവുമായാണ് നിജപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതികളിൽ മുൻപ് 75%, 80% എന്ന രീതിയിൽ കേന്ദ്രവിഹിതം ലഭിക്കുമായിരുന്നു.<br>**ഓപ്ഷണൽ ഗണം:** ഈ ഗണത്തിൽ കേന്ദ്ര-സംസ്ഥാന വിഹിതം 50:50 എന്ന അനുപാതത്തിലാണ്. |
| (ഡി) | കേന്ദ്ര പദ്ധതികൾ പൂർണ്ണമായും പ്രയോജനപ്പെടുത്തുന്നതിന് സംസ്ഥാനം സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | കേന്ദ്രാവിഷ്കൃത/കേന്ദ്ര പദ്ധതികളുടെ സമർപ്പണത്തിനും നിശ്ചിത സമയത്ത് തുക ലഭ്യമാക്കുന്നതിനും വേണ്ടി ആസൂത്രണ സാമ്പത്തികകാര്യ വകുപ്പിൽ സെൻട്രൽ പ്രോജക്റ്റ് മോണിറ്ററിംഗ് യൂണിറ്റ് (സി.പി.എം.യു) പ്രവർത്തിച്ചു വരുന്നു. ധനവിനിയോഗ സർട്ടിഫിക്കറ്റുകൾ ഓൺലൈൻ പോർട്ടലായ പ്ലാൻ സ്പേസ് വഴി ലഭ്യമാക്കുന്നതിനുള്ള നടപടികളും കേന്ദ്രസർക്കാരിൽ നിന്നും കേന്ദ്ര ഫണ്ട് റിലീസ് ചെയ്യുന്ന മുറയ്ക്ക് പ്ലാൻ സ്പേസ് പോർട്ടലിൽ ലഭ്യമാക്കുന്നതിന് പബ്ലിക് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (PFMS) പ്ലാൻ സ്പേസ് പോർട്ടലുമായി ലിങ്ക് ചെയ്യുന്നതിനായുള്ള നടപടികളും ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പ് സ്വീകരിച്ചു വരുന്നു. ഇതു കൂടാതെ, സംസ്ഥാനത്തിലെ വിവിധ വകുപ്പുകളുമായും ബന്ധപ്പെട്ട വിവിധ കേന്ദ്ര മന്ത്രാലയങ്ങളുമായും ഏകോപിച്ച് പ്രവർത്തിച്ച് സമയബന്ധിതമായി കേന്ദ്ര ഫണ്ട് നേടിയെടുക്കുന്നതിന് സഹായകരമാകും വിധം റസിഡന്റ് കമ്മീഷണർക്ക് ഒരു റിയൽ ടൈം മോണിറ്ററിംഗ് സിസ്റ്റം തയ്യാറാക്കുന്നതിനായുള്ള |

| | | |
|---|---|---|
| | | നടപടികളും ആ വകുപ്പ് സ്വീകരിച്ചു വരുന്നു. കേന്ദ്രാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുന്ന വകുപ്പുകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ആസൂത്രണ സാമ്പത്തികകാര്യ (സി.പി.എം.യു) വകുപ്പ് നിരന്തരം ബന്ധപ്പെടുകയും ആവശ്യമെങ്കിൽ കൂടിയാലോചനാ യോഗങ്ങൾ നടത്തുകയും ചെയ്യുന്നുണ്ട്. വിവിധ വകുപ്പുകളിൽ നിന്നും കേന്ദ്രസർക്കാരിൽ നിന്നും ലഭിക്കുന്ന റിലീസ് വിവരങ്ങൾ യഥാസമയങ്ങളിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള സംവിധാനവും ആ വകുപ്പ് ഏർപ്പെടുത്തിയിട്ടുണ്ട്. മുഖ്യമന്ത്രി തലത്തിലുള്ള യോഗങ്ങളിലും ചീഫ് സെക്രട്ടറി തലത്തിലുള്ള യോഗങ്ങളിലും കേന്ദ്രസഹായം നേടിയെടുക്കുന്ന തിനാവശ്യമായ നടപടികളുടേയും വിനിയോഗ ത്തിന്റേയും പുരോഗതി അവലോകനം ചെയ്യാറുമുണ്ട്. കൂടാതെ, വകുപ്പ മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും യഥാസമയങ്ങളിൽ പദ്ധതി അവലോകനം നടത്തുകയും അതതു വകുപ്പിന്റെ പുരോഗതി വീക്ഷിക്കുകയും ആവശ്യമായ ഇടപെടലുകൾ നടത്താറുമുണ്ട്. |

(signature)

**ധനകാര്യ വകുപ്പ് മന്ത്രി**